(ബി) കയർ മേഖലയിൽ നടപ്പുവർഷം ഓരോ പദ്ധതിക്കായും നീക്കിവച്ച തുകയേയും ഓരോ ഇനത്തിലും 2015 ഡിസംബർ 4 വരെയുള്ള ചെലവിനേയും സംബന്ധിച്ച കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.*

എ.പി.എൽ./ബി.പി.എൽ. മാനദണ്ഡങ്ങൾ-പുതിയ റേഷൻ കാർഡ്

182(3065) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻ കാർഡുടമകളിൽ എ.പി.എൽ./ബി.പി.എൽ. വിഭാഗങ്ങളെ തെരഞ്ഞെടുത്തതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ വിശദീകരിക്കാമോ;

(ബി) ബി.പി.എൽ. വിഭാഗങ്ങൾക്ക് ഏതെല്ലാം തരത്തിലുള്ള ആനുകൂല്യങ്ങളാണ് റേഷൻ കടകൾവഴി ലഭ്യമാക്കുന്നത്;

(സി) നിലവിൽ ഏതെല്ലാം സാഹചര്യങ്ങളിലാണ് എ.പി.എൽ റേഷൻ കാർഡ് ബി.പി.എൽ. വിഭാഗത്തിലേക്ക് മാറ്റി നൽകുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 14-1-2011-ലെ സ.ഉ.(കൈ)നമ്പർ 16/11/ത.സ്വ.ഭ.വ., 27-4-2012-ലെ സ.ഉ.(കൈ)നമ്പർ 112/12/ത.സ്വ.ഭ.വ., 7-7-2014-ലെ സ.ഉ.(കൈ)നമ്പർ 21/14/ഭ.സി.സ.വ. എന്നീ ഉത്തരവുകൾക്ക് അനുസൃതമായാണ് ദേശീയഭക്ഷ്യസുരക്ഷാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനായി മുൻഗണനാ വിഭാഗത്തെ തെരഞ്ഞെടുക്കുന്നത്.

(ബി) നിലവിൽ ബി.പി.എൽ. വിഭാഗത്തിന് പ്രതിമാസം 25 കിലോ അരി 1 രൂപ നിരക്കിലും 7 കിലോ ഗോതമ്പ് 2 രൂപ നിരക്കിലും, കാർഡിലെ ഒരംഗത്തിന് 400 ഗ്രാം പഞ്ചസാരയും, വൈദ്യുതീകരിച്ച വീടുകൾ ഉള്ള കാർഡുടമകൾക്ക് 1 ലിറ്റർ മണ്ണെണ്ണയും അല്ലാത്തവർക്ക് 4 ലിറ്റർ മണ്ണെണ്ണയും ലഭിക്കുന്നുണ്ട്.

(സി) 27-4-2012-ലെ സ.ഉ.(കൈ)നമ്പർ 112/12/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം;

1. ആശ്രയ വിഭാഗത്തിൽ ഉൾപ്പെട്ടവർ
2. മാനസികവും ശാരീരികവുമായി വൈകല്യമുള്ളവർ
3. ഓട്ടിസം ബാധിച്ചവർ
4. ഭർത്താവ് മരണമടഞ്ഞ സ്ത്രീകൾ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

5. എയ്ഡ്സ്, ക്യാൻസർ രോഗികളും ഡയാലിസിസിന് വിധേയരാകുന്നവരും

6. പരസഹായമില്ലാതെ ജീവിക്കുവാൻ കഴിയാത്തവരും, ശരീരം തളർന്ന് ശയ്യാവലംബരായവും എന്നീ വിഭാഗത്തിൽ ഉൾപ്പെടുന്നവർ ജില്ലാ കളക്ടർക്ക് അപേക്ഷ നൽകുന്ന പക്ഷം അന്വേഷണത്തിനു ശേഷം അർഹതയുടെ അടിസ്ഥാനത്തിൽ എ.പി.എൽ. കാർഡുകൾ ബി.പി.എൽ. കാർഡുകളാക്കി നൽകിവരികയാണ് നിലവിൽ ചെയ്യുന്നത്.

ഹോട്ടലുകളിൽ അമിത വില നിയന്ത്രിക്കുന്നതിന് നടപടി

183(3066) <u>ശ്രീ. എളമരം കരീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോട്ടലുകളിൽ അമിത വില നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് പ്രഖ്യാപിച്ചിരുന്നത്; ആയത് ഫലപ്രദമായി നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(ബി) മുൻ സർക്കാർ നടപ്പിലാക്കിയ മാവേലി ഹോട്ടൽ ശൃംഖല ഈ സർക്കാർ അധികാരമേറ്റശേഷം അടച്ചുപൂട്ടാൻ ഇടയായ സാഹചര്യം എന്തെന്ന് വിശദമാക്കുമോ;

(സി) മിതമായ നിരക്കിൽ ഭക്ഷണ പദാർത്ഥങ്ങൾ വിതരണം ചെയ്യുന്നതിന് തൃപ്തി ന്യായവില ഹോട്ടലുകൾ തുടങ്ങുമെന്ന ബഡ്ജറ്റ് പ്രഖ്യാപനം നടപ്പാക്കാനായിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഇതുവരെ എന്ത് തുക ചെലവഴിച്ചുവെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എത്ര ന്യായവില ഹോട്ടലുകൾ തുടങ്ങുകയുണ്ടായി എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഹോട്ടലുകളിൽ അമിത വില ഈടാക്കുന്നത് തടയുന്നതിനായി ഭക്ഷണ സാധനങ്ങളുടെ വിലവിവരപ്പട്ടിക പ്രദർശിപ്പിക്കുന്നത് നിർബന്ധമാക്കിയിട്ടുണ്ട്. നിയമലംഘനം നടത്തുന്നവർക്കെതിരെ 1977 -ലെ കേരളാ ഫുഡ് സ്റ്റഫ്സ് (Display of Prices by Catering Establishment Order) പ്രകാരം നടപടി സ്വീകരിക്കുന്നു. ഹോട്ടലുകളിലെ ഭക്ഷണ സാധനങ്ങളുടെ വില വർദ്ധനവ് നിയന്ത്രിക്കുന്നതിനായുള്ള ബിൽ പ്രസിദ്ധീകരണ സ്റ്റേജിലാണ്.

GPM. 2/241/2020-30

LIBRARY ARCHIVES Kerala Legislative Assembly